ശബരിമല തീർത്ഥാടകർക്ക് നൽകുന്ന അരവണയുടെ ഗുണനിലവാരം

132 (824) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ തീർത്ഥാടനകാലത്ത് ശബരിമല തീർത്ഥാടകർക്ക് ആവശ്യത്തിനുള്ള അരവണ ലഭിച്ചില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അരവണ വിതരണം മുടങ്ങാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(ബി) അരവണ നിർമ്മാണത്തിൽ ഭക്ഷ്യസുരക്ഷാ നിയമം ദേവസ്വം ബോർഡ് പാലിക്കാറുണ്ടോ ; അരവണ നിർമ്മാണത്തിനുള്ള വസ്തുക്കൾ എങ്ങനെയാണ് ദേവസ്വം ബോർഡിന് ലഭിക്കുന്നത് ; ഇത്തരത്തിൽ ലഭിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനം ഉണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ ; ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ലൈസൻസും രജിസ്ട്രേഷനും ദേവസ്വം ബോർഡ് നേടിയിട്ടുണ്ടോ ?

ഉത്തരം

(എ) ഇക്കഴിഞ്ഞ സീസൺ കാലയളവിൽ അരവണ വിതരണം മുടങ്ങി നിർത്തിവച്ച സംഭവം ഉണ്ടായിട്ടില്ല. കുത്തക ഏറ്റിരുന്ന ചില സ്ഥാപനങ്ങൾ എത്തിച്ച കൽക്കണ്ടം, ഉണക്കമുന്തിരി എന്നീ സാധനങ്ങൾ ഗുണനിലവാരമില്ലാത്തതാണെന്ന് ഫുഡ് സേഫ്റ്റി വിഭാഗം കണ്ടെത്തിയതിനെ തുടർന്ന് അരവണ നിർമ്മാണം താത്കാലികമായി കുറയ്ക്കുകയും ഭക്തജനങ്ങൾക്ക് അരവണ ബൾക്ക് കോൺഡിറ്റി നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുക മാത്രമാണുണ്ടായത്. എന്നാൽ ഇത് പൂർണ്ണമായി ഉടനടി പരിഹരിക്കുകയും ചെയ്തു.

(ബി) അരവണ നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ ടെൻഡർ നടപടികളിലൂടെയാണ് ലഭ്യമാക്കുന്നത്. ടെൻഡറിനൊപ്പം സാമ്പിളുകൾകൂടി എത്തിക്കുവാൻ ടെൻഡർ വ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതനുസരിച്ച് ലഭിക്കുന്ന സാമ്പിളുകൾ ഗുണനിലവാരമുള്ളതാണെന്ന ഫുഡ് സേഫ്റ്റി വിഭാഗത്തിന്റെ സാക്ഷ്യപത്രം ലഭിച്ചാൽ മാത്രമേ പ്രസ്തുത ടെൻഡർ പരിഗണിക്കുകയുള്ളൂ. കൂടാതെ ശബരിമലയിലും പമ്പയിലും ക്വാളിറ്റി കൺട്രോൾ ലാബ് പ്രവർത്തിക്കുന്നുണ്ട്. ലാബ് റിപ്പോർട്ട് തൃപ്തികരമെങ്കിൽ മാത്രമേ സാധനങ്ങൾ ഏറ്റുവാങ്ങാറുള്ളൂ. തിരുവിതാംകൂർ ദേവസ്വം ബോർഡ് ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട്

LIBRARY ARCHIVES Kerala Legislative Assembly

1950 പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനമാണ്. പ്രസാദത്തിന് ഫുഡ് സേഫ്റ്റി പരിശോധന നടത്താറില്ല. എന്നാൽ ശബരിമലയിൽ പ്രസാദ നിർമ്മാണത്തിന് ലഭ്യമാക്കുന്ന ശർക്കര, ഉണക്കലരി മുതലായ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. പ്രസാദ നിർമ്മാണത്തിനുശേഷം ഗുണനിലവാരം പരിശോധിക്കേണ്ട ആവശ്യമില്ല. എങ്കിലും ബഹു. ഹൈക്കോടതി നിർദ്ദേശാനുസരണം ഫുഡ് സേഫ്റ്റി വിഭാഗം മോയിസ്ചർ കണ്ടെന്റ് പരിശോധിക്കാറുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഫുഡ് സേഫ്റ്റി ലൈസൻസ് ഇല്ല.

അനുഷ്ഠാനകലകൾ അവതരിപ്പിക്കുന്ന കലാകാരന്മാർക്കുള്ള പ്രതിഫല തുക

133 (825) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്ര അനുഷ്ഠാന കലകളായ കഥകളി, ഹരികഥ എന്നിവ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് അവതരിപ്പിക്കുന്ന കലാകാരന്മാർക്ക് ദക്ഷിണ/ പ്രതിഫലമായി എന്ത് തുകയാണ് ദേവസ്വം ബോർഡിൽനിന്നും നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിരക്ക് എന്നാണ് നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഏതൊക്കെ അനുഷ്ഠാന കലകളാണ് ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ ഉത്സവങ്ങളോടനുബന്ധിച്ച് നടത്താറുള്ളത് ; ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള പ്രതിഫല നിരക്ക് എത്രയാണ് ;

(ഡി) ആദ്യകാല കലാരൂപങ്ങളായ കഥകളി, ഹരികഥ എന്നിവ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുംവേണ്ടി ഇവയ്ക്ക് നൽകുന്ന പ്രതിഫലത്തുക കാലാനുസൃതമായി പരിഷ്കരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് കഥകളി, ഹരികഥ മുതലായ അനുഷ്ഠാന കലകൾക്ക് ഉപദേശക സമിതികൾ നിലവിലുള്ള വിവിധ ദേവസ്വങ്ങളിൽ അതാത് ഉപദേശക സമിതിയാണ് പ്രതിഫലം നൽകുന്നത്. സമിതി നിലവിലില്ലാത്ത സ്ഥലങ്ങളിൽ അതാത് ദേവസ്വങ്ങളിലെ പതിവിൻപടി നിശ്ചയിച്ചിട്ടുള്ള തുക പ്രതിഫലമായി നൽകുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് ബോർഡിന് കീഴിലെ

LIBRARY ARCHIVES Kerala Legislative Assembly